








മിറർ വ്യൂ







ഓർമ്മയുടെ സൈക്കിളുകൾ കൊയ്ത്ത് കഴിഞ്ഞ
വയലിലെ കറ്റക്കുറ്റികളെ വെട്ടിച്ച് വെട്ടിച്ച് നീന്തുന്നു.
എൽ.പി സ്കൂളിന്റെ മൈതാനത്തെ ഒറ്റയൊറ്റയായി നിൽക്കുന്ന
കുറ്റിത്തെങ്ങുകളെ ചുറ്റിവന്ന്, കല്ലുതട്ടി വീണ്, മുട്ടുമുറിഞ്ഞ്,
പിന്നെയും പിടിച്ചെഴുന്നേറ്റ്, തിരിഞ്ഞുപോയ ഹാന്റിൽ ബാറുകൾ
നേരെയാക്കി പഠിച്ച് പഠിച്ച് പഞ്ചായത്ത് റോഡിലിറങ്ങുന്നു.
വിയർത്തൊലിച്ച് കയറ്റങ്ങൾ ഉന്തിക്കയറ്റുന്നു. പെഡലിൽ കാലുകൾ
വെറുതെ വെച്ച് ചവിട്ടാതെ ഉച്ചക്കാറ്റുപോലെ തിരിച്ചിറങ്ങുന്നു.
ഓടുന്ന ഓട്ടത്തിൽ ചാടിക്കയറാൻ പഠിക്കുന്നു.
പിന്നെ ചങ്ങാതിയെയോ, അനിയനെയോ
ഡബിളെടുത്തുള്ള പോക്കാണ്.

# ഓർമ്മയുടെ സൈക്കിൾ

